**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1705** **10/02/2020 -ൽ മറുപടിക്ക്**

## കായികക്ഷമതയ്ക്കായി യു.ജി.സി. നിർദ്ദേശങ്ങൾ

**ചോദ്യം**

**ശ്രീ.വി.ടി.ബൽറാം**

(എ) ആരോഗ്യകരമായ ജീവിത ശൈലി ലക്ഷ്യമിട്ട് കോളേജുകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും വിദ്യാർത്ഥികൾക്ക് കായികക്ഷമതാ പ്രവർത്തനങ്ങൾക്കായി നാൽപത്തിയഞ്ച് മിനിട്ട് സമയം നീക്കി വയ്ക്കണമെന്ന് യു.ജി.സി. നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് പുറമെ കായികക്ഷമതയ്ക്കായി മറ്റ് ഏതെങ്കിലും നിർദ്ദേശം യു.ജി.സി. നൽകിയിട്ടുണ്ടോ;

**മറുപടി**

**ഡോ.കെ.ടി.ജലീൽ**
**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

(എ) യും (ബി) യും

എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും താഴെ പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന് യു.ജി.സി നിർദ്ദേശിക്കുന്നുണ്ട്.

1. ഫിറ്റ്നസ് അവർ **(FITNESS HOUR)**:- 2020 ജനുവരി മുതൽ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ദിവസേന 45 മുതൽ 60 മിനിട്ട് വരെയുള്ള 'FITNESS HOUR' ഉണ്ടായിരിക്കണം.

2. ഫിറ്റ്നസ് ക്ലബ്സ് (FITNESS CLUBS):- എല്ലാ സ്ഥാപനങ്ങളിലും ഒരു വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ സ്പോർട്സ്/ഫിറ്റ്നസ് പ്രേമികളെ ചേർത്ത് ഫിറ്റ്നസ് ക്ലബ്ബുകൾ രൂപീകരിക്കണം.

3. ഫിറ്റ്നസ് ക്യാമ്പയിനുകൾ (FITNESS CAMPAIGNS):- തിരഞ്ഞെടുക്കപ്പെട്ട ആശയങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഫിറ്റ്നസ് ക്യാമ്പയിനുകൾ സംഘടിപ്പിക്കണം.

4. സ്പോർട്സ് മത്സരങ്ങൾ (SPORTS COMPETITIONS):- എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ദേശീയ സംസ്ഥാന സ്പോർട്സ് മത്സരങ്ങളുടെ മുന്നോടിയായി വാർഷിക സ്പോർട്സ് മത്സരങ്ങൾ സംഘടിപ്പിക്കണം.

5. സ്ഥാപനങ്ങളുടെ സ്റ്റാർ റേറ്റിംഗ് (STAR RATING OF INSTITUTIONS):-ഫിറ്റ്നസ് അവർ, ഫിറ്റ്നസ് ക്ലബ്സ്, ഫിറ്റ്നസ് ക്യാമ്പയിനുകൾ, സ്പോർട്സ് മത്സരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ സ്റ്റാർ റേറ്റിംഗ് നിശ്ചയിക്കാവുന്നതാണ്.

6. ഭക്ഷണ ശീലം (FOOD HABITS):- എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരോഗ്യകരമായ ഭക്ഷണശീലം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളുടെ വളപ്പിൽ പ്രവർത്തിക്കുന്ന ക്യാന്റീനുകളിൽ 'JUNK FOODS' ന്റെ വിൽപ്പന നിരോധിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത യു.ജി.സി. നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) പ്രസ്തുത യു.ജി.സി. നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**